**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 563** **23-06-2026-ൽ മറുപടിയ്ക്ക്**

**<u>സഹകരണ മേഖലയിലെ പ്രവർത്തനങ്ങൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. പി. കെ. നവാസ് ശ്രീ. എം. ലിജു
(സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി)

**(എ)** സഹകരണ മേഖലയിലെ നിക്ഷേപം വർദ്ധിപ്പിക്കുന്നതിനും യുവജനതയെ ഈ മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിനുമായി നടപ്പിലാക്കി വരുന്ന നിക്ഷേപ സമാഹരണ പരിപാടി തുടർന്നുകൊണ്ടുപോകുന്നതിന് എന്തെല്ലാം കാര്യങ്ങൾ ചെയ്യുവാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** സഹകരണ മേഖലയിലെ നിക്ഷേപം വർദ്ധിപ്പിക്കുന്നതിനും യുവജനതയെ ഈ മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിനുമായി നടപ്പിലാക്കി വരുന്ന നിക്ഷേപ സമാഹരണ പരിപാടി തുടർന്നുകൊണ്ടുപോകും.

**(ബി)** പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ സാമൂഹികവും സാമ്പത്തികവുമായ പുരോഗതിക്കായി രൂപീകരിച്ചിട്ടുള്ള സഹകരണ സംഘങ്ങളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ;

**<u>മറുപടി:</u>** പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ സാമൂഹികവും സാമ്പത്തികവുമായ പുരോഗതിക്കായി രൂപീകരിച്ചിട്ടുള്ള സഹകരണ സംഘങ്ങളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിക്കും.

**(സി)** സംസ്ഥാനത്ത് സഹകരണ മേഖലയിൽ പ്രവർത്തിക്കുന്ന ആശുപത്രികൾ നേരിടുന്ന സാമ്പത്തിക പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സഹകരണ ആശുപത്രികളുടെ പ്രവർത്തനം വിലയിരുത്തി ഇവയുടെ സേവനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

**<u>മറുപടി:</u>** സംസ്ഥാനത്ത് സഹകരണ മേഖലയിൽ പ്രവർത്തിക്കുന്ന ആശുപത്രികൾ നേരിടുന്ന സാമ്പത്തിക പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയത് പരിഹരിക്കാനുള്ള നടപടികൾ ആലോചനയിലാണ്. കൂടാതെ സഹകരണ ആശുപത്രികളുടെ പ്രവർത്തനം വിലയിരുത്തി ഇവയുടെ സേവനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കുന്നത് ആലോചനയിലാണ്.

**സെക്ഷൻ ഓഫീസർ**